# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4471 13/11/2019 ൽ മറുപടിയ്ക്ക്

### സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വച്ച് പിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിക്കുന്നതിന് അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ വച്ച് പിടിപ്പിച്ചിട്ടുള്ള മരങ്ങൾ സ്ഥാപനങ്ങളുടെ വികസനത്തിന്റെ ഭാഗമായി മുറിച്ച് മാറ്റേണ്ടിവരുമ്പോൾ വനം വകുപ്പ് മരങ്ങൾക്ക് ഉയർന്നനിരക്കിൽ വില നിശ്ചയിക്കുന്നത് മൂലം മുറിച്ച് മാറ്റാൻ കഴിയാതെ വരികയും അത് വഴി സ്ഥാപനങ്ങളുടെ വികസനം തടസ്സപ്പെടുകയും ചെയ്യുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | സോഷ്യൽ ഫോറസ്ട്രി വിഭാഗം എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം ക ണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന സീനിയറേജ് റേറ്റുകൾ പ്രകാരമാണ്. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും, വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്ത പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്ന തുമാണ്. |
| ബി | ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; ഇത് പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ